**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

2026 ഒക്ടോബർ 14, ബുധൻ

## നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പട്ടികജാതി, പട്ടികവർഗ്ഗ – പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി**

**വനം, വന്യജീവി – നൈപുണ്യ വികസന വകുപ്പ് മന്ത്രി**

**ജലവിഭവ – ഭവനനിർമ്മാണ വകുപ്പ് മന്ത്രി**

**മത്സ്യബന്ധനം – സാമൂഹ്യനീതി വകുപ്പ് മന്ത്രി**

**<u>ഫിഷറീസ് സബ് പ്ലാൻ</u>**

***61** **ശ്രീ. ടി. എം. ശശി**

**ശ്രീ. സജി ചെറിയാൻ**

**ശ്രീ. സി. കെ. ഹരീന്ദ്രൻ**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** 2026-27 ഫിഷറീസ് സബ് പ്ലാനിൽ എത്ര രൂപ വകയിരുത്തുകയും ഭരണാനുമതി നൽകുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

**(ബി)** ഏതെല്ലാം പദ്ധതികൾക്കാണ് സബ് പ്ലാനിൽ ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

**(സി)** ഭരണാനുമതി നല്കിയിട്ടില്ലെങ്കിൽ എന്നത്തേക്ക് പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ;

(ഡി) മുൻ വർഷം വകയിരുത്തിയ തുകയിൽ നിന്നും എത്ര രൂപയുടെ കുറവാണ് നടപ്പ് വർഷത്തെ പദ്ധതി വിഹിതത്തിൽ ഫിഷറീസ് സബ് പ്ലാനിൽ വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**ജലാശയങ്ങളുടെ ആഴം കൂട്ടാൻ നടപടി**

***62 ശ്രീ. നാട്ടകം സുരേഷ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**
**ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടിക്കടി ഉണ്ടാകുന്ന പ്രളയങ്ങൾ മൂലം ഡാമുകൾ, പ്രധാന നദികൾ, കായലുകൾ, തോടുകൾ തുടങ്ങിയ ജലാശയങ്ങളിൽ ധാരാളം മണലും ചെളിയും അടിഞ്ഞു കൂടിയിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മണലും ചെളിയും അടിഞ്ഞു കൂടുന്നതുമൂലം ജലാശയങ്ങളുടെ ആഴം കുറഞ്ഞ് ജലസംഭരണശേഷി കുറയുന്നത് പ്രളയവും വെള്ളപ്പൊക്കവും ഇടക്കിടെ ഉണ്ടാകാൻ കാരണമാകുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ജലാശയങ്ങളിൽ അടിഞ്ഞുകൂടികിടക്കുന്ന മണലും ചെളിയും അടിയന്തരമായി നീക്കം ചെയ്ത് ജലാശയങ്ങളുടെ ആഴം കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**ഭിന്നശേഷിക്കാർക്കുള്ള വിവിധ പദ്ധതികൾ**

***63 ശ്രീ. കല്ലട്ര മാഹിൻ**
**ശ്രീ. എം. എ. റസാഖ് മാസ്റ്റർ**
**ശ്രീമതി ഫാത്തിമ തഹിലിയ**
**ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്കുള്ള വിവിധ പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ വിവിധ പദ്ധതികൾക്കായി നൽകേണ്ട തുകയിൽ കുടിശ്ശിക ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത കുടിശ്ശിക തുക എന്നത്തേക്ക് പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ് സംവിധാനം</u>**

***64 ശ്രീ. പി. മമ്മിക്കുട്ടി**

**ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ആഗസ്റ്റ് ആദ്യവാരം കനത്ത മഴയെ തുടർന്നുണ്ടായ കടൽ ക്ഷോഭത്തിൽ എത്ര മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടുവെന്നും എത്ര പേരെ കാണാതായെന്നും വ്യക്തമാക്കാമോ;

(ബി) രക്ഷാപ്രവർത്തനത്തിന്റെ ഏറ്റവും നിർണ്ണായകമായ സമയത്ത് നാവികസേനയുൾപ്പെടെയുള്ളവരുടെ സഹായത്തോടെ തിരച്ചിൽ നടത്താത്തത് വീഴ്ചയാണെന്ന, കാണാതായവരുടെ ബന്ധുക്കളുടെ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭാവിയിൽ ഇത്തരം സന്ദർഭങ്ങളിൽ കൃത്യമായ ഏകോപനത്തോടെ സജ്ജീകരണം ഒരുക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകുമ്പോൾ മുന്നറിയിപ്പ് നൽകാനും അപകട സമയത്ത് സന്ദേശം കൈമാറാനും നിലവിൽ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ അത്തരം സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>അംബേദ്കർ ഗ്രാമം പദ്ധതി</u>**

***65 ശ്രീ. രാജീവ് ചന്ദ്രശേഖർ**

**ശ്രീ. വി. മുരളീധരൻ**

**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** അംബേദ്കർ ഗ്രാമം പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഈ അവലോകനത്തിലെ കണ്ടെത്തലുകൾ വിശദീകരിക്കുമോ;

**(ബി)** 2016 ൽ ആരംഭിച്ച പ്രസ്തുത പദ്ധതി അതിന്റെ ഗുണഭോക്താക്കൾക്ക് ഗുണകരമായ രീതിയിൽ പല സ്ഥലങ്ങളിലും നടപ്പിലാക്കിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

**(സി)** 2016 - 2026 കാലയളവിൽ എത്ര പദ്ധതികൾക്കാണ് സംസ്ഥാനത്ത് ഒട്ടാകെ അനുമതി നൽകിയത്; അവയിൽ എത്രയെണ്ണം പൂർത്തിയായി എന്ന് വ്യക്തമാക്കുമോ;

**(ഡി)** പ്രസ്തുത പദ്ധതി ഫലപ്രദമായും പൂർണ്ണ തോതിലും നടപ്പിലാക്കുന്നതിന് വകുപ്പ് തലത്തിലോ സർക്കാർ തലത്തിലോ മോണിറ്ററിംഗ് സംവിധാനം രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി ഒരു സംവിധാനം രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

<u>**നൂറ് ദിന കർമ്മ പരിപാടിയും മത്സ്യത്തൊഴിലാളികളുടെ ക്ഷേമവും**</u>

***66** **ശ്രീ. എം. എം. നസീർ**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. സേനാപതി വേണു**
**ശ്രീ. വി. ടി. സൂരജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി ഫിഷറീസ് വകുപ്പും ഹാർബർ എൻജിനീയറിങ് വകുപ്പും സാമൂഹ്യനീതി വകുപ്പും ചേർന്ന് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വികസന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

**(ബി)** തീരദേശ വികസനം, മത്സ്യത്തൊഴിലാളികളുടെ ക്ഷേമം, ആധുനിക അടിസ്ഥാന സൗകര്യ വികസനം എന്നിവ ലക്ഷ്യമിട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>**കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്**</u>

*67 **ശ്രീ. വി. കെ. സനോജ്**
**പ്രൊഫ. സി. രവീന്ദ്രനാഥ്**
**ശ്രീ. കെ. വി. സുമേഷ്**
**ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് നൈപുണ്യ വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

**(ബി)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത സ്ഥാപനത്തിന്റെ ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

**(സി)** ഒരു സ്വകാര്യ യൂണിവേഴ്സിറ്റിയുടെ പ്രതിനിധിയെ സ്വകാര്യ സ്ഥാപന നോമിനിയായി പുതിയ ഡയറക്ടർ ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

**(ഡി)** പ്രസ്തുത പ്രതിനിധിയുടെ പേരിൽ ക്രിമിനൽ കേസ് നിലവിലുണ്ടെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>ദാക്ഷായണി സ്വയം സഹായ സംഘങ്ങൾ</u>**

*68 **ശ്രീ. എ. ഡി. തോമസ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി രമ്യ ഹരിദാസ്**
**ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വനിതകളുടെ സാമ്പത്തിക ശാക്തീകരണത്തിനും സംരംഭകത്വ വികസനത്തിനുമായി ദാക്ഷായണി സ്വയംസഹായ സംഘങ്ങൾ നടപ്പിലാക്കുവാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ;

**(ബി)** പട്ടികവിഭാഗ വനിതാ സംഘങ്ങൾക്ക് സംരംഭങ്ങൾ ആരംഭിക്കാനും വിപുലീകരിക്കാനും സാമ്പത്തിക പിന്തുണ നൽകുമോ; വിശദമാക്കാമോ;

(സി) പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## സേവിങ്-കം-റിലീഫ് പദ്ധതി

*69 **ശ്രീ. പി. കെ. പ്രവീൺ**

**ശ്രീ. വി. ജോയി**

**ശ്രീ. കെ. യു. ജനീഷ് കുമാർ**

**ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026-27 സാമ്പത്തിക വർഷത്തെ സേവിങ്-കം-റിലീഫ് പദ്ധതിയുടെ ഗുണഭോക്തൃ രജിസ്ട്രേഷൻ പ്രക്രിയയുടെ നിലവിലെ പുരോഗതിയും സംസ്ഥാനത്തെ മറൈൻ, ഇൻലാൻഡ് മേഖലകളിലെ പങ്കാളിത്തത്തിൽ കാണുന്ന പൊതുവായ പ്രവണതകളും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 2026-ൽ വിതരണം ചെയ്യേണ്ട പദ്ധതിയുടെ വിവിധ ഗഡുക്കളുടെ വിതരണ പുരോഗതി സംബന്ധിച്ച പൊതുവായ വിലയിരുത്തൽ നൽകാമോ; അർഹരായ മുഴുവൻ ഗുണഭോക്താക്കളിലേക്കും ഇവ എത്തിക്കുന്നതിൽ നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തെല്ലാമാണ്;

(സി) ഓണക്കാലം കഴിഞ്ഞിട്ടും പദ്ധതി പ്രകാരമുള്ള ആശ്വാസതുക ലഭിക്കാത്തതുമൂലം മത്സ്യത്തൊഴിലാളികൾക്കിടയിലുണ്ടായ പ്രതിസന്ധികളെ എങ്ങനെ വിലയിരുത്തുന്നു; അർഹരായവർക്ക് തുക ലഭ്യമാക്കുന്നതിലുണ്ടായ കാലതാമസത്തിന്റെ അടിസ്ഥാന കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ഡി) 2026-27 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഈ പദ്ധതിക്കായി വകയിരുത്തിയ സംസ്ഥാന വിഹിതത്തിന്റെ പര്യാപ്തതയും നിലവിലെ ഫണ്ട് വിനിയോഗ പ്രക്രിയയുടെ കാര്യക്ഷമതയും സംബന്ധിച്ച ഒരു പൊതുവിശകലനം ലഭ്യമാക്കാമോ;

(ഇ) ആനുകൂല്യം ലഭിക്കാൻ ബാക്കിയുള്ള അർഹരായ ഗുണഭോക്താക്കൾക്ക് സേവിംഗ്-കം-റിലീഫ് വിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള നയപരമായ സമീപനങ്ങൾ വ്യക്തമാക്കാമോ?

**വന്യജീവി ആക്രമണം**

*70 **ശ്രീ. ജി. ആർ. അനിൽ**

**ശ്രീ. പി. പ്രസാദ്**

**ശ്രീമതി ഗീതാ ഗോപി**

**ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ജനവാസ മേഖലയിൽ നിരന്തരമുണ്ടാകുന്ന വന്യജീവി ആക്രമണത്തിൽ വിലപ്പെട്ട മനുഷ്യ ജീവനുകൾ നഷ്ടപ്പെടുന്ന സാഹചര്യത്തിലും സർക്കാരിന്റെ ഭാഗത്തുനിന്നും കാര്യമായ നടപടികൾ ഉണ്ടാകുന്നില്ല എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) കേരളത്തിന്റെ വനമേഖലയിലെ വന്യമൃഗ വാഹക ശേഷി സംബന്ധിച്ച് പഠനം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മനുഷ്യ-വന്യജീവി സംഘർഷങ്ങളെ ലഘൂകരിക്കുന്നതിന് പര്യാപ്തമായ വിധത്തിൽ മുൻ സർക്കാർ പാസാക്കിയ വനം-വന്യജീവി സംരക്ഷണ ബില്ലിന്മേൽ നിലവിലെ സർക്കാർ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) വന്യജീവി ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്കും അവരുടെ ആശ്രിതർക്കും അർഹവും നീതിയുക്തവുമായ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**മത്സ്യമേഖലയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യവികസനം**

*71 **ശ്രീ. എം. വിൻസെന്റ്**

**ശ്രീ. ടോണി ചമ്മണി**

**ശ്രീ. വി. എസ്. ജോയി**

**ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയുമായി ബന്ധപ്പെട്ട ലേല കേന്ദ്രങ്ങൾ ആധുനികീകരിക്കാനും ശുചിത്വവും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്താനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മത്സ്യബന്ധന തുറമുഖങ്ങളിൽ ശുദ്ധജലം, വൈദ്യുതി, ശുചിമുറികൾ എന്നിവയുൾപ്പെടെയുള്ള പ്രാഥമിക സൗകര്യങ്ങൾ ഒരുക്കാനും അവ കൃത്യമായി പരിപാലിക്കാനും സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കാമോ;

(സി) മത്സ്യബന്ധന ഗ്രാമങ്ങളിലേയ്ക്കും തുറമുഖങ്ങളിലേയ്ക്കുമുള്ള റോഡുകളിലെ ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പാർക്കിങ് സംവിധാനങ്ങൾ ഒരുക്കുന്നതിനുമായി പ്രത്യേക പദ്ധതി തയ്യാറാക്കുമോ; വിശദമാക്കാമോ?

## പഞ്ചമി ഗ്രാമം പദ്ധതി

*72 **ശ്രീ. കെ. ബിനിമോൻ**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. സുധീർഷാ പാലോട്**
**ശ്രീ. രാജൻ. ജെ. പല്ലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ താമസിക്കുന്ന പ്രദേശങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുള്ള പഞ്ചമി ഗ്രാമം പദ്ധതിയുടെ മാർഗ്ഗരേഖയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സർക്കാരിന്റെ നൂറ് ദിന കർമ്മപരിപാടിയിൽ ഉൾപ്പെട്ട പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ നിയമസഭാ മണ്ഡലത്തിലും പതിനഞ്ചിൽ താഴെ പട്ടികജാതി വിഭാഗത്തിലെ കുടുംബങ്ങൾ ഒരിടത്ത് അധിവസിക്കുന്ന, കുറഞ്ഞത് മൂന്ന് കുടുംബങ്ങളെങ്കിലും ഉള്ള പ്രദേശങ്ങളിലാണോ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ?

**അൻപ് വീട് പദ്ധതി**

***73** **ശ്രീ. അബിൻ വർക്കി കോടിയാട്ട്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. നാട്ടകം സുരേഷ്**
**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പരസഹായം ആവശ്യമായ ഭിന്നശേഷിക്കാരെ പരിചരിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് വിഭാവനം ചെയ്യുന്ന അൻപ് വീട് പദ്ധതിയെപ്പറ്റി വിശദമാക്കുമോ;

**(ബി)** ദീർഘകാല പരിചരണം ആവശ്യമായ ഭിന്നശേഷിക്കാരുള്ള കുടുംബങ്ങൾ നേരിടുന്ന വലിയ പ്രതിസന്ധി പരിഹരിക്കുന്നതിനായി പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**(സി)** ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ, വ്യക്തികേന്ദ്രീകൃത പരിചരണം, സുരക്ഷ, അന്തസ്സ്, കുടുംബപിന്തുണ എന്നീ അടിസ്ഥാന തത്വങ്ങൾ മുൻനിർത്തിയാണോ പദ്ധതി നടപ്പാക്കുന്നതെന്ന് അറിയിക്കുമോ?

**കടലാക്രമണം തടയുന്നതിന് നടപടി**

***74** **ശ്രീ. മുഹമ്മദ് ഷിയാസ്**
**ശ്രീ. വി. ടി. ബൽറാം**
**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ**
**ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് കടലാക്രമണം സ്ഥിരമായി ഉണ്ടാകുന്ന പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

**(ബി)** പ്രസ്തുത സ്ഥലങ്ങളിൽ കടൽഭിത്തി നിർമ്മിച്ചിട്ടുണ്ടോ; ഇനിയും കടൽഭിത്തി നിർമ്മിക്കാത്ത പ്രദേശങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) കടൽ ഭിത്തി നിർമ്മിക്കാനുപയോഗിക്കുന്ന ടെട്രാപോഡിന്റെയും പാറയുടെയും ദൗർലഭ്യം കടൽഭിത്തി നിർമ്മാണത്തെ ബാധിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ശക്തമായ കടലാക്രമണം മൂലം നിലവിൽ സ്ഥാപിച്ചിട്ടുള്ള കടൽഭിത്തികൾക്ക് നാശം സംഭവിച്ചിട്ടുണ്ടോ; എങ്കിൽ അവ അടിയന്തരമായി പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## വന്യജീവി ആക്രമണം നേരിടുന്നവർക്ക് സഹായം

***75 ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണങ്ങളിൽ കൊല്ലപ്പെടുന്നവരുടെ ആശ്രിതർക്കും സാരമായി പരിക്കേറ്റ് ഉപജീവനമാർഗം തടസ്സപ്പെടുന്നവർക്കും പെൻഷൻ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം വിവിധ ഘട്ടമായി ഇരുപത്തിയൊന്ന് ലക്ഷം രൂപയായി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) വന്യജീവി പ്രതിരോധ പ്രവർത്തനത്തിന് നേതൃത്വം നൽകാൻ നിയോജകമണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ.-യെ ചെയർപേഴ്സണാക്കി സമിതി രൂപീകരിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## വന്യജീവി പ്രതിരോധം

***76 ശ്രീ. റോണി. കെ. ബേബി**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. റോയി. കെ. പൗലോസ്**
**ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ ജനവാസ മേഖലകളിലേക്ക് ഇറങ്ങുന്നത് തടയാൻ സൗരോർജ്ജവേലി, ആനക്കിടങ്ങ് എന്നിവയുടെ നിർമ്മാണം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) വനാതിർത്തിയോട് ചേർന്ന പഞ്ചായത്തുകളിൽ ജനജാഗ്രതാ സമിതി യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ ചേരുന്നുണ്ടെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) വന്യമൃഗങ്ങളുടെ സാന്നിധ്യം കുറയ്ക്കുന്നതിനും റോഡരികുകളിൽ കാഴ്ചമറയുന്ന സാഹചര്യം ഒഴിവാക്കുന്നതിനും കാടുകൾ വെട്ടിത്തെളിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ജല സ്രോതസ്സുകളുടെ സംരക്ഷണം

*77 **ശ്രീമതി ഗീതാ ഗോപി**
**ശ്രീ. പി. പ്രസാദ്**
**ശ്രീ. ജി. ആർ. അനിൽ**
**ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനുദിനം രൂക്ഷമായികൊണ്ടിരിക്കുന്ന ജലക്ഷാമവും ഭൂഗർഭ ജലവിതാനത്തിൽ ഉണ്ടാകുന്ന കുറവും ഭാവിയിൽ അതിരൂക്ഷമായ ജല പ്രതിസന്ധിക്ക് കാരണമാകുന്നതിന്റെ സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേരളത്തിലെ ജലസമ്പത്തിന്റെ ഏറ്റവും പ്രധാന സ്രോതസ്സുകളായ നദികളെയും അവയുടെ കൈവഴികളെയും ശാസ്ത്രീയമായി പരിപാലിക്കുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്കരിക്കേണ്ട സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഭൂരൂപങ്ങളിൽ മനുഷ്യനാൽ സൃഷ്ടിക്കപ്പെടുന്ന രൂപമാറ്റവും മാലിന്യ നിക്ഷേപവും മൂലം പുഴകളുടെയും തോടുകളുടെയും ജലവാഹക ജലസംരക്ഷണ ശേഷി നഷ്ടപ്പെടുന്നതിന്റെ തോത് സംബന്ധിച്ച വിവരശേഖരണം ജില്ലാതലത്തിൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നദികളെയും തോടുകളെയും സംരക്ഷിക്കുന്നതിനും നഷ്ടപ്പെട്ട നീർച്ചാലുകളെ

പുനരുജ്ജീവിപ്പിക്കുന്നതിനും വേണ്ടി മുൻ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## വന്യജീവി ആക്രമണത്തിൽ നഷ്ടപരിഹാരം

*78 **ശ്രീ. അപ്പു ജോൺ ജോസഫ്**
**ശ്രീ. ഷിബു തെക്കുംപുറം**
**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുന്നവരുടെ ആശ്രിതർക്കും പരിക്കേൽക്കുന്നവർക്കും അർഹമായ നഷ്ടപരിഹാരം കണക്കാക്കുന്നതിനും അനുവദിക്കുന്നതിനും എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) വന്യജീവി ആക്രമണത്തിൽ മരണവും പരിക്കും സംഭവിക്കുമ്പോൾ നഷ്ടപരിഹാരത്തെച്ചൊല്ലി ഓരോ പ്രദേശത്തും പ്രതിഷേധങ്ങളും തർക്കങ്ങളും ഉടലെടുക്കുന്നത് ഒഴിവാക്കാൻ ഇതിനായി വ്യക്തമായ മാർഗരേഖയും മാനദണ്ഡങ്ങളും രൂപീകരിക്കുമോ;

(സി) വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന ജീവഹാനിയിലും പരിക്കിലും ലഭ്യമാകേണ്ട സാമ്പത്തിക ആനുകൂല്യങ്ങൾക്കായി മന്ത്രിസഭാതീരുമാനം വരെ കാത്തിരിക്കേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) മാധ്യമ, പൊതുജന ശ്രദ്ധ ലഭിക്കാതെ പോകുന്ന വന്യജീവി ആക്രമണ സംഭവങ്ങളിൽ നഷ്ടപരിഹാരം ലഭിക്കാനുണ്ടാകുന്ന ദീർഘമായ കാലവിളംബം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## വന്യ ജീവിസംരക്ഷണ നിയമം

*79 **ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. വി. ജോയി**
**ശ്രീ. എ. പ്രഭാകരൻ**

**ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** 1972-ലെ കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനായി 15-ാം കേരള നിയമസഭ പാസാക്കിയ കേരള വന്യജീവി സംരക്ഷണ ബില്ലിന് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** ഇല്ലെങ്കിൽ ആക്രമണകാരികളായ വന്യജീവികളെ കൊല്ലുന്നതിന് അനുമതി നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന പ്രസ്തുത ബില്ലിന് അംഗീകാരം ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിക്കുമോ;

**(സി)** ജനവാസ മേഖലകളിൽ ആക്രമണം നടത്തുകയോ പൊതുസ്ഥലങ്ങളിൽ ഇറങ്ങുകയോ ചെയ്യുന്ന വന്യമൃഗങ്ങളെ നേരിടുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; വിശദമാക്കാമോ;

**(ഡി)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യജീവി ആക്രമണങ്ങളിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ട്; ആക്രമണങ്ങൾ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>ജൽ ജീവൻ മിഷൻ പദ്ധതി</u>**

***80** **ഡോ. മാത്യു കുഴൽനാടൻ**

**ശ്രീ. കെ. എം. അഭിജിത്ത്**

**ശ്രീമതി കെ. കെ. രമ**

**ശ്രീ. രമേഷ് പിഷാരടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൂർത്തിയാകാതെ കിടക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; ജില്ല തിരിച്ച് വിവരങ്ങൾ ലഭ്യമാണോ;

**(ബി)** നിർമാണം പൂർത്തിയാക്കിയിട്ടും പ്രവർത്തനക്ഷമമല്ലാത്ത ജൽ ജീവൻ മിഷൻ പദ്ധതികൾ എത്രയുണ്ടെന്നും ഇവ

പ്രവർത്തനക്ഷമമാക്കാത്തതിന്റെ കാരണം എന്താണെന്നും കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**(സി)** ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം കണക്ഷൻ നൽകിയതായി രേഖപ്പെടുത്തിയിട്ടും കുടിവെള്ളം ലഭിക്കാത്ത കുടുംബങ്ങളുടെ എണ്ണം എത്രയാണ്; വ്യക്തമാക്കാമോ?

## വന്യജീവി ആക്രമണ ഇരകൾക്കുള്ള ധനസഹായം

***81** **ശ്രീ. പാറക്കൽ അബ്ദുല്ല**
**ശ്രീ. സി. കെ. കാസിം**
**ശ്രീ. പി. കെ. നവാസ്**
**ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** വന്യജീവി ആക്രമണത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കും സാരമായി പരിക്കേൽക്കുന്നവർക്കും നിലവിൽ നൽകി വരുന്ന ധനസഹായത്തുക വർദ്ധിപ്പിച്ച് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**(ബി)** വന്യജീവി ആക്രമണത്തിൽ ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്നവർക്ക് പെൻഷൻ അനുവദിക്കാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**(സി)** സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി വനം വകുപ്പിന്റെ കൈവശമുള്ള ഭൂമി വനഭൂമിയായും, കർഷകരുടെ കൈവശമുള്ള ഭൂമി കർഷകർക്കവകാശപ്പെട്ട പട്ടയഭൂമി/ കൈവശഭൂമിയായും കൃത്യമായി തരംതിരിച്ച് നിലനിർത്തുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## മനുഷ്യ-വന്യജീവി സംഘർഷം

***82** **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. ടി. പി. അഷ്റഫലി**
**ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

**(എ)** മനുഷ്യ-വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്നത് സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

**(ബി)** കാട്ടുപന്നികളെ നിയന്ത്രിക്കുന്നതിനും വന്യജീവി സംഘർഷ സാധ്യതകളെക്കുറിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**(സി)** മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി നേരിടുന്നതിന് നിയമഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## <u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ക്ഷേമപദ്ധതികൾ</u>

***83** **ശ്രീ. രാജൻ. ജെ. പല്ലൻ**

**ശ്രീ. ചാണ്ടി ഉമ്മൻ**

**ശ്രീ. സുധീർഷാ പാലോട്**

**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും സ്ത്രീകൾക്കും പ്രത്യേക ക്ഷേമപദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

**(ബി)** സംരംഭങ്ങൾ ആരംഭിക്കുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും നൽകുന്ന വായ്പാ/സബ്സിഡി പദ്ധതികളുടെ വിശദാംശം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

**(സി)** ഈ ഇനത്തിൽ കഴിഞ്ഞ അഞ്ച് വർഷം അനുവദിച്ച തുകയും ചെലവഴിച്ച തുകയും സാമ്പത്തിക വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാണോ?

## <u>പഠനമുറി ധനസഹായം</u>

***84** **ശ്രീ. ആര്യാടൻ ഷൗക്കത്ത്**

**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപ അനുവദിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**(ബി)** ഏതൊക്കെ വിഭാഗം വിദ്യാർത്ഥികൾക്കാണ് പ്രസ്തുത സഹായം ലഭിക്കുന്നത്; സ്കൂൾ,കോളേജ് വിദ്യാർത്ഥികളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

**(സി)** പ്രസ്തുത ധനസഹായം നൽകുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**<u>ഗോത്രബന്ധു പദ്ധതി</u>**

***85** **ശ്രീ. കെ. എൻ. ബാലഗോപാൽ**

**ശ്രീ. പി. പി. സുമോദ്**

**ശ്രീ. കെ. പ്രേമൻ**

**ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമിട്ട് കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച ഗോത്രബന്ധു പദ്ധതി ഈ അധ്യയന വർഷവും തുടരാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**(ബി)** വർഷങ്ങളായി ജോലി ചെയ്യുന്ന മെന്റർ അധ്യാപകരെ ഈ അധ്യയന വർഷം ഒഴിവാക്കി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

**(സി)** ഒഴിവാക്കിയ അധ്യാപകരെ തിരിച്ചെടുക്കണമെന്ന് ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

**(ഡി)** പ്രസ്തുത ഹൈക്കോടതി ഉത്തരവ് നടപ്പാക്കാനാവശ്യമായ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലുകൾ

***86** **ശ്രീ. സന്ദീപ് വാര്യർ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എ. ഡി. തോമസ്**
**ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി പ്രവർത്തിക്കുന്ന പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളുടെ എണ്ണം എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ;

**(ബി)** പുതിയതായി ഹോസ്റ്റലുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

**(സി)** പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളിൽ സുരക്ഷ, ഭക്ഷണം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവയിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ?

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം

***87** **ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ദുർബല ഗോത്രവിഭാഗങ്ങളുടെ വികസനത്തിനായി നടപ്പാക്കുന്ന പദ്ധതികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ;

**(ബി)** ആദിവാസി മേഖലകളിൽ കുടിവെള്ളം, വൈദ്യുതി, റോഡ്, ഇന്റർനെറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**(സി)** ആദിവാസി മേഖലകളിലെ ആരോഗ്യ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഏക വരുമാനദായകന്റെ മരണം സംഭവിക്കുന്ന കുടുംബങ്ങൾക്ക് നൽകുന്ന ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും അപേക്ഷ തീർപ്പാക്കുന്നതിനുള്ള സമയപരിധിയും വിശദമാക്കുമോ;

(ഇ) പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനായി ബജറ്റിൽ വകയിരുത്തുന്ന തുക പൂർണ്ണമായി ചെലവഴിക്കാൻ കഴിയുന്നില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(എഫ്) പട്ടികവർഗ്ഗ വിഭാഗത്തിലെ കുടുംബങ്ങൾക്ക് ഭൂമി, വീട്, വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യ പരിരക്ഷ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പാക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വ്യക്തമാക്കുമോ?

## സമഗ്ര 2026 പദ്ധതി

***88 ശ്രീമതി വിദ്യാ ബാലകൃഷ്ണൻ**
**ശ്രീ. വി. ടി. ബൽറാം**
**ശ്രീ. മുഹമ്മദ് ഷിയാസ്**
**ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പിന്നാക്ക വികസന കോർപറേഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സമഗ്ര 2026 എന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ കീഴിൽ എന്തെല്ലാം ക്ഷേമപദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) സമഗ്ര 2026 പദ്ധതിയുടെ ഗുണഭോക്താക്കൾ ആരെല്ലാമാണ്; ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

## മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണം

***89 ശ്രീ. ഉല്ലാസ് കോവൂർ**
**ശ്രീ. വിഷ്ണു മോഹൻ**

**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

**(ബി)** പ്രസ്തുത സംഘർഷം പ്രതിരോധിക്കുന്നതിനുള്ള നിയമതടസ്സങ്ങൾ നീക്കുവാൻ അവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**(സി)** മനുഷ്യ-വന്യജീവി സംഘർഷം അതിരൂക്ഷമായി അനുഭവപ്പെടുന്ന മേഖലകൾക്കായി പ്രത്യേക പാക്കേജ് പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**ഫിഷറീസ് വകുപ്പിന് കീഴിലുള്ള നിയമനം**

***90 ശ്രീ. എ. സി. മൊയ്തീൻ**

**ശ്രീ. കെ. കെ. രാമചന്ദ്രൻ**

**ശ്രീ. കാരായി രാജൻ**

**ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ഫിഷറീസ് വകുപ്പിൻകീഴിലുള്ള സാഫ് (സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ) പദ്ധതികളിൽ ദീർഘകാലമായി ജോലി ചെയ്തുവരുന്ന കോ-ഓർഡിനേറ്റർമാരെ പിരിച്ചുവിട്ട് പുതിയ നിയമനം നടത്താൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിയന്തര കാരണം എന്താണെന്ന് വിശദമാക്കാമോ;

**(ബി)** നിലവിലെ ജീവനക്കാർക്ക് അപ്രാപ്യമായ രീതിയിൽ അടിസ്ഥാന യോഗ്യതകളും പ്രായപരിധിയും പുതുക്കി നിശ്ചയിച്ച് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചത് രാഷ്ട്രീയ താല്പര്യങ്ങളോടെയുള്ള നിയമനങ്ങൾ നടത്തുന്നതിനു വേണ്ടിയാണെന്ന് പറയപ്പെടുന്നുണ്ടോ; വസ്തുതകൾ വെളിപ്പെടുത്താമോ;

**(സി)** പരിചയസമ്പന്നരായ ജീവനക്കാരെ ഒഴിവാക്കുന്നത് തീരമേഖലയിലുൾപ്പെടെയുള്ള പദ്ധതികളുടെ നടത്തിപ്പിനെയും തീരദേശത്തെ സംരംഭക യൂണിറ്റുകളുടെ പ്രവർത്തനത്തെയും ബാധിക്കുമെന്നത് കണക്കിലെടുത്ത് പ്രസ്തുത വിഷയം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

**(ഡി)** പത്ത് മുതൽ ഇരുപത് വരെ വർഷം പ്രവൃത്തിപരിചയമുള്ള നിലവിലെ കോ-ഓർഡിനേറ്റർമാരുടെ തൊഴിൽ സംരക്ഷിക്കുന്നതിനും അവരെ സർവീസിൽ നിലനിർത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കേരളനിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ഒക്ടോബർ 05, തിങ്കൾ

**ഷാജി സി ബേബി**
സെക്രട്ടറി ഇൻചാർജ്

---

പ്രത്യേക ശ്രദ്ധയ്ക്ക്:

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].